ആരോഗ്യം



ഡോ. എം. പ്രസാദിന്റെ
ആരോഗ്യപംക്തി

''കൊടിയ വിഷവും അമൃതിനൊത്ത ഔഷധമാക്കി ഉപയോഗിക്കാം. പ്രാപ്തനായ വൈദ്യൻ രോഗിയെ അവന്റെ സമഗ്രതയിൽ പഠിച്ച് നിർണ്ണയിക്കപ്പെടുമ്പോഴാണ് വിഷത്തിനുപോലും ഔഷധത്വം കൈവരുന്നത്. ഈ ഇടപെടലിനെ ഒഴിവാക്കി, പരസ്യത്തിലെ മോഹിപ്പിക്കുന്ന വാക്കുകളാണ് ഒരാളെ നയിക്കുന്നത് എങ്കിൽ അമൃതും വിഷമായിത്തീരുകയും ചെയ്യാം.''

# പരസ്യങ്ങൾ ചെയ്യുന്നത്

**ആയുർവേദം** എന്ന വാക്കിന് പ്രചാരവും സ്വീകാര്യതയും ദിനംപ്രതി വർദ്ധിച്ചുവരുന്ന കാലമാണിത്. പത്രങ്ങളിലും റേഡിയോവിലും ടെലിവിഷനിലുമെല്ലാം നിറഞ്ഞുകവിയുന്ന 'ആയുർവേദ' പരസ്യങ്ങൾ ഇതിന്റെ പ്രതിഫലനമായി കണക്കാക്കാം. സമൂഹത്തിൽ വിവരവ്യാപനം സാധിക്കുന്നതിൽ പരസ്യങ്ങളുടെ പങ്കും പ്രാധാന്യവും അംഗീകരിച്ചുകൊടുക്കുമ്പോൾത്തന്നെയും പരസ്യപ്രസിദ്ധീകരണ രംഗത്ത് നടപ്പാകേണ്ട ചില നിയന്ത്രണങ്ങളെക്കുറിച്ചുകൂടി ഈ കുത്തൊഴുക്ക് ആലോചനകളുണർത്തുന്നുണ്ട്. നിയമപരമായ നിയന്ത്രണങ്ങൾക്കൊപ്പം ധാർമ്മികമായ ചില സംയമനങ്ങളും ഇക്കാര്യത്തിൽ പ്രസക്തമാണ്. ഇത് പരസ്യദാതാക്കൾക്കു മാത്രമല്ല മാധ്യമ നടത്തിപ്പുകാർക്കും ബാധകമാണുതാനും.

ആയുർവേദത്തോട് മലയാളിക്ക് അസാമാന്യമായ അടുപ്പമുണ്ട്. ഈ അടുപ്പം പലപ്പോഴും ഒരു തരം വിശ്വാസത്തിന്റെ തലംവരെ എത്തിനിൽക്കുന്ന ഒന്നാണ്. എന്നാൽ ആയുർവേദത്തിന്റെ സാമ്പ്രദായിക രീതികൾ ആവശ്യപ്പെടുന്ന, കുറച്ചൊക്കെ സമയവും ക്ഷമയും വേണ്ടിവരുന്ന, ഔഷധനിർമ്മാണ-സംസ്കരണ പ്രക്രിയകൾക്ക് അവൻ സന്നദ്ധനുമല്ല. ഈ ഒഴിവിലേക്കാണ് ഔഷധനിർമ്മാതാക്കൾ മോഹിപ്പിക്കുന്ന, പലപ്പോഴും വഴിതെറ്റിക്കുന്ന, പരസ്യങ്ങൾ വിക്ഷേപിക്കുന്നത്. വഞ്ചിതരാകാനുള്ള സന്നദ്ധതയുടെ ഒരു സവിശേഷ ജീൻ നമുക്ക് കൈമുതലായുള്ളതുകൊണ്ട് ഏറെ എളുപ്പത്തിൽ നാം അതിൽ വീണുപോകുകയും ചെയ്യുന്നു.

പരസ്യങ്ങളുടെ ചരിത്രത്തിന് പത്രങ്ങളോളം തന്നെ പഴക്കമുണ്ട് . ഇക്കൂട്ടത്തിൽ ആയുർവേദ ഉൽപ്പന്നങ്ങളും ഉൾപ്പെടുന്നു, സ്വാഭാവികമായും. സ്ഥാപനങ്ങളുടെ പരസ്യങ്ങൾ പലപ്പോഴും ഒഴിച്ചു കൂടാനാവാത്തവയാണ്. എന്നാൽ ഔഷധങ്ങളുടെ പരസ്യങ്ങൾ പലപ്പോഴും അങ്ങനെയല്ല. അവ വഴിതെറ്റിക്കുന്നു, സ്വയംചികിത്സയ്ക്കു പ്രേരിപ്പിക്കുന്നു, മാത്രമല്ല ഗുരുതരമായ ആരോഗ്യപ്രശ്നങ്ങൾക്കു കാരണമാവുകയും ചെയ്യുന്നു. ആയുർവേദ ഉൽപ്പന്നങ്ങൾ പൂർണ്ണ സുരക്ഷിതങ്ങളാണ് എന്ന് ജനങ്ങൾക്കിടയിലുള്ള (അന്ധ) വിശ്വാസത്തെ മുതലെടുക്കുകയാണ് ഇക്കൂട്ടർ ചെയ്യുന്നത്. തടികുറയ്ക്കാനും തടികൂട്ടാനും മുടിവളരാനും കറുക്കാനും മുടി മുളയ്ക്കാനും ലൈംഗികശേഷി വർദ്ധിപ്പിക്കാനും കാഴ്ചകൂട്ടാനും മാറിടം വികസിക്കാനും കുഞ്ഞുങ്ങളുണ്ടാകാനും ഒക്കെയുള്ളതെന്ന പേരിൽ ഉള്ളിലേക്കു കഴിക്കാനും പുറമെ പുരട്ടാനും ഉള്ളവയായി പരസ്യം വഴി വിറ്റഴിക്കപ്പെട്ടുകൊണ്ടിരിക്കുന്ന ഉൽപ്പന്നങ്ങൾ എല്ലാം അവയുടെ ലേബലിൽ പൊതുവായി ഉയർത്തിക്കാട്ടുന്ന കാര്യം ഇതാണ്. ആയുർവേദ ഉത്പന്നം,പൂർണ്ണ സുരക്ഷിതം ആയുർവേദസോപ്പ്, ആയുർവേദ ഹാൻഡ്

sunethriayurveda@gmail.com
www.sunethriayurveda.com

വാഷ്, ആയുർവേദ ടൂത്ത് പേസ്റ്റ് എന്നിങ്ങനെ സുരക്ഷിത ഉൽപ്പന്നങ്ങളുടെ പട്ടിക ഇനിയും ഏറെ വലുതാണ്. പ്രത്യേക രോഗങ്ങൾക്കുള്ള ചികിത്സകളാണ് പരസ്യം വഴി വിപണനം ചെയ്യപ്പെടുന്ന മറ്റൊരു ഉൽപ്പന്നം. ഇത്തരത്തിൽ പരസ്യങ്ങളിലൂടെ ശമനം വാഗ്ദാനംചെയ്യുന്ന രോഗങ്ങളിൽ മിക്കവയും യഥാർത്ഥത്തിൽ ചികിത്സിച്ചു മാറ്റാൻ സാധിക്കാത്തവയാണ് എന്നതാണ് ശ്രദ്ധേയമായ വസ്തുത. ഇത് നിയമവിരുദ്ധവുമാണ്. ഇത്തരം പരസ്യങ്ങൾ ശ്രദ്ധിക്കുന്ന ഒരാൾ ആയുർവേദമെന്നത് അസാധ്യ രോഗങ്ങൾക്കു മാത്രമായുള്ള ചികിത്സാസമ്പ്രദായമാണോ എന്നു സംശയിച്ചാൽ അത്ഭുതപ്പെടേണ്ടതില്ല.

ഇത്തരം പരസ്യങ്ങൾ നിയമവിരുദ്ധങ്ങളും അധാർമ്മികങ്ങളുമാണ്. യഥാർത്ഥത്തിൽ ഇവ ജനത്തെ വഞ്ചിക്കുകയാണ് ചെയ്യുന്നത്. ആയുർവേദത്തെക്കുറിച്ച് ശരിയായ ധാരണ ഇല്ലാത്തവർ ഇത്തരം കെണികളിൽ എളുപ്പത്തിൽ അകപ്പെട്ടുപോകുന്നു. ആയുർവേദം ഒരു പച്ചമരുന്നു ചികിത്സയല്ല. രോഗത്തെയും രോഗിയേയും പല മാനദണ്ഡങ്ങളിലൂടെയും വിലയിരുത്തി, അതിന്റേതായ സാങ്കേതികതകളുപയോഗിച്ച്, ആവുന്നത്ര കൃത്യതയോടെ ഔഷധനിർണ്ണയം നടത്തുന്ന ശാസ്ത്രീയമായ ഒരു ചികിത്സാപദ്ധതിയാണത്. ലഭ്യമായ ഏതു ദ്രവ്യത്തേയും ഔഷധമായി ഉപയോഗപ്പെടുത്താൻ സാധിക്കുന്നതാണ് ആയുർവേദത്തിന്റെ രീതിശാസ്ത്രം. അതനുസരിച്ച് കൊടിയ വിഷവും അമൃതിനൊത്ത ഔഷധമാക്കി ഉപയോഗിക്കാം. പ്രാപ്തനായ വൈദ്യൻ രോഗിയെ അവന്റെ സമഗ്രതയിൽ പഠിച്ച് നിർണ്ണയിക്കപ്പെടുമ്പോഴാണ് ഇത്തരത്തിൽ വിഷത്തിനുപോലും ഔഷധത്വം കൈവരുന്നത്. ഈ ഇടപെടലിനെ ഒഴിവാക്കി, പരസ്യത്തിലെ മോഹിപ്പിക്കുന്ന വാക്കുകളാണ് ഒരാളെ നയിക്കുന്നത് എങ്കിൽ അമൃതും വിഷമായിത്തീരുകയും ചെയ്യാം. ഒരുൽപ്പന്നം ആയുർവേദ ഔഷധമാകുന്നത് ആയുർവേദ സമ്പ്രദായത്തിൽ വിലയിരുത്തപ്പെട്ടിട്ടുള്ള ഒരു രോഗിയുടെ രോഗശമനാർത്ഥം അത് പ്രയോഗിക്കപ്പെടുമ്പോൾ മാത്രമാണ്. പച്ചവെള്ളം, പാൽ, മെർക്കുറി, ചെമ്പ്, സ്വർണ്ണം, കടുക്ക, നെല്ലിക്ക, മാംസം, നെയ്യ്, ചേർക്കുരു, നീർവാളം, വത്സനാഭി, കൊടിത്തൂവ, കുറുന്തോട്ടി ഇങ്ങനെ ഈ ലോകത്തിൽ ലഭ്യമായ മുഴുവൻ സാധനങ്ങളും ഇത്തരത്തിൽ ഔഷധമായി ഉപയോഗിക്കുന്നു. ഈ പട്ടികയുടെ വൈവിധ്യം ശ്രദ്ധിച്ചിരിക്കുല്ലോ. ആയുർവേദ ഔഷധം എന്നൊന്നില്ല എന്നും അങ്ങനെ ഒന്നുണ്ടെങ്കിൽത്തന്നെ അതെപ്പോഴും നൂറുശതമാനം സുരക്ഷിതമാകണമെന്നില്ല എന്നും വ്യക്തമാക്കാനാണ് ഇത്തരം ഉദാഹരണങ്ങൾ നൽകിയത്.




**ആയുർവേദ ഉൽപ്പന്നങ്ങൾ പൂർണ്ണ സുരക്ഷിതങ്ങളാണ് എന്ന് ജനങ്ങൾക്കിടയിലുള്ള (അന്ധ) വിശ്വാസത്തെ മുതലെടുക്കുകയാണ് ഇക്കൂട്ടർ ചെയ്യുന്നത്. തടികുറയ്ക്കാനും തടികൂട്ടാനും മുടിവളരാനും കറുക്കാനും മുടി മുളയ്ക്കാനും ലൈംഗികശേഷി വർദ്ധിപ്പിക്കാനും കാഴ്ചകൂട്ടാനും മാറിടം വികസിക്കാനും കുഞ്ഞുങ്ങളുണ്ടാകാനും ഒക്കെയുള്ളതെന്ന പേരിൽ ഉള്ളിലേക്കു കഴിക്കാനും പുറമെ പുരട്ടാനും ഉള്ളവയായി പരസ്യം വഴി വിറ്റഴിക്കപ്പെട്ടുകൊണ്ടിരിക്കുന്ന ഉൽപ്പന്നങ്ങൾ എല്ലാം അവയുടെ ലേബലിൽ പൊതുവായി ഉയർത്തിക്കാട്ടുന്ന കാര്യം ഇതാണ്**

രോഗങ്ങളുടെ കാര്യവും ഇതുപോലെ തന്നെയാണ്. ആയുർവേദത്തിൽ അവയെ സാധ്യരോഗങ്ങൾ, അസാധ്യരോഗങ്ങൾ എന്ന് രണ്ടായി തിരിച്ചിട്ടുണ്ട്. ഇക്കൂട്ടത്തിൽ തന്നെ ശസ്ത്രക്രിയ ആവശ്യമുള്ളവ, ഔഷധചികിത്സ മതിയാകാവുന്നവ, ജീവിതത്തിൽ വരുത്തുന്ന പരിഷ്ക്കാരങ്ങൾകൊണ്ട് നിയന്ത്രിച്ചുനിർത്താവുന്നവ, എന്തൊക്കെ ചെയ്താലും രക്ഷപ്പെടുത്താനാവാത്തവ, യാതൊരു ചികിത്സയും ആവശ്യമില്ലാത്തവ എന്നിങ്ങനെയെല്ലാമുള്ള ഉപവിഭാഗങ്ങളുമുണ്ട്. ഉദാഹരണത്തിന്, പ്രമേഹം ശരിയായ ജീവിതശൈലിയും ഔഷധോപയോഗവും കൊണ്ട് നിയന്ത്രിച്ചു നിർത്താനേ കഴിയൂ, ചികിത്സിച്ചുമാറ്റാനാവില്ല. പഥ്യം അനുസരിച്ചുള്ള ആഹാരവിഹാരങ്ങൾ വേണ്ടാത്ത യാതൊരു ചികിത്സയും ആയുർവേദമല്ല. ഭക്ഷണ നിയന്ത്രണവും വ്യായാമവുമില്ലാതെ തടികുറയ്ക്കാനാവില്ല. ഇതെല്ലാമാണ് വസ്തുതകളെന്നിരിക്കെ മറിച്ചുള്ള പരസ്യങ്ങളും അവകാശവാദങ്ങളും അധാർമ്മികവും നിയമവിരുദ്ധവുമാണെന്നുമാത്രമല്ല, അവ ആയുർവേദമെന്ന ശാസ്ത്രത്തിന് തീരാക്കളങ്കം ഉണ്ടാക്കുകയും ചെയ്യുന്നു. പാശ്ചാത്യവൈദ്യത്തിന് കൈകാര്യം ചെയ്യാനാകാത്ത ഒട്ടനവധി രോഗങ്ങൾ ശമിപ്പിക്കുവാൻ ആയുർവേദരീതിയിലുള്ള ചികിത്സകൊണ്ട് സാധിക്കും.

ഇത് മറിച്ചും യാഥാർത്ഥ്യമാണ്. പ്രത്യേകിച്ചും ശസ്ത്രക്രിയ ആവശ്യമായ സന്ദർഭങ്ങളിൽ. എന്നാൽ അസാദ്ധ്യരോഗങ്ങൾ അസാദ്ധ്യങ്ങൾ തന്നെയാണ്. ഇത്തരം സന്ദർഭങ്ങളിൽ ഭാഗികമായോ പൂർണ്ണമായോ ശമനം കൈവരുത്താനും രോഗിയുടെ ദുരിതങ്ങൾ ആവുന്നത്ര കുറച്ചുകൊടുക്കാനും എന്തെല്ലാം ചെയ്യാനാകും എന്ന വെല്ലുവിളി വൈദ്യസമൂഹം ഏറ്റെടുക്കേണ്ടതാണെന്നതിൽ സംശയമില്ല. എന്നാൽ ഇത് അന്വേഷണത്തിന്റെയും സമർപ്പണത്തിന്റെയും പാതയിലൂടെ സഞ്ചരിക്കുന്നവർക്കുള്ളതാണ്. പരസ്യങ്ങളിലൂടെ വിടുവായത്തം വിളമ്പുന്നവർക്കല്ല.